പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5314 05-07-2012-ൽ മറുപടിയ്ക്ക്

## വടകരയിലെ കളരി അക്കാദമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വടകരയിൽ സ്ഥാപിക്കപ്പെട്ട കളരി അക്കാദമിയുടെ ഇപ്പൊഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | വടകരയിൽ കളരി അക്കാദമി സ്ഥാപിക്കുന്നതിനായി ഒരേക്കർ സ്ഥലം അനുവദിക്കാൻ നഗരസഭയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി കളരി അക്കാദമിയുടെ രൂപീകരണത്തിനും നടത്തിപ്പിനും വേണ്ടി രൂപീകരിച്ച മാനേജ്മെന്റ് കമ്മിറ്റി പുനഃസംഘടിപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ ടി അക്കാദമിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കളരി അക്കാദമി സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്താമാക്കുമോ ; | (ബി) | കേരളത്തിലെ തനത് ആയോധന കലയായ കളരിപ്പയറ്റ് അന്യം നിന്ന് പോകാതിരിക്കുവാനും കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുമായിട്ടാണ് കളരി അക്കാദമി സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചത്. |
| (സി) | പ്രസ്തുത അക്കാദമിക്ക് എവിടെയെങ്കിലും ശാഖ അനുവദിച്ചിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ ഉദ്ദേശ്യം എന്തെന്നും വ്യക്തമാക്കുമോ ; | (സി) | ഇല്ല. |
| (ഡി) | അക്കാദമിയുടെ പുരോഗതിക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (ഡി) | അക്കാദമി രൂപീകരിച്ചശേഷം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ